ഭരണഭാഷ - മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

**ഓർമ്മക്കുറിപ്പ് II**

**വളരെ അത്യാവശ്യം**

നമ്പർ: ജി4/18795/2016

ചാക്ക തിരുവനന്തപുരം
തീയതി: 10.01.2017

ട്രെയിനിംഗ് ഡയറക്ടർ

പ്രിൻസിപ്പാൾ
എല്ലാ ഗവ.ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷാ വിഭാഗം - ബ്ലാങ്ക് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റുകൾ (എസ്.റ്റി.സി.) അനുവദിക്കുന്നതിന് ആവശ്യകത അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന;- ട്രെയിനിംഗ് ഡയറക്ടറുടെ 19.10.2016 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്, 11-11-2016 ലെ ഓർമ്മക്കുറിപ്പ്.

സൂചനയിലെ ചുറ്ററിയിപ്പ് പ്രകാരം എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റിൽ 2013 വർഷം മുതൽ സെമസ്റ്റർ സമ്പ്രദായത്തിൽ പരീക്ഷയെഴുതി വിജയിച്ച ട്രെയിനികൾക്ക് ബ്ലാങ്ക് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് വിജയിച്ച ട്രെയിനികളുടെ വിവരങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി ബന്ധപ്പെട്ട ബിഫോമിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ 27-10-2016 തീയതിക്കകം പരീക്ഷാ വിഭാഗത്തിൽ എത്തിക്കാൻ അറിയിച്ചിരുന്നു. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും ടി വിഷയത്തിൽ നാളിതുവരെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റിന്റെ ആവശ്യകത അറിയിച്ചിട്ടില്ല. ആയതിനാൽ ഇനിയും ആവശ്യകത അറിയിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ എസ്.സി.വി.ടി. ട്രേഡ് വിജയിച്ച ട്രെയിനികൾക്ക് ആവശ്യമായ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റുകളുടെ ആവശ്യകത നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി ബന്ധപ്പെട്ട ബി ഫോമിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ 31-01-2017 തീയതിക്കകം മടക്കത്തപാലിൽ തന്നെ പരീക്ഷാ വിഭാഗത്തിൽ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ വിജയിച്ച ട്രെയിനികൾക്ക് സമയ ബന്ധിതമായി സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരും. ഇതിന്റെ പൂർണ ഉത്തരവാദിത്വം താങ്കൾക്കായിരിക്കുമെന്നും അറിയിക്കുന്നു. ടി ചുറ്ററിയിപ്പ് പ്രകാരം ആവശ്യകത അറിയിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിച്ച് കൈപ്പറ്റിയ ബ്ലാങ്ക് എസ്.റ്റി.സി. കൾ യഥാക്രമം പൂരിപ്പിച്ച് സർട്ടിഫിക്കറ്റ് വിഭാഗത്തിൽ 10-02-2017 തീയതിയ്ക്കകം തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

(ഒപ്പ്)

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എസ്സ്/19.01